# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഡിസംബർ 31

# വാർത്താക്കുറിപ്പ്

**മഹാത്മാ ഗാന്ധി സർവകലാശാല ബജറ്റ് 2020**

## എം.ജി.യിൽ മികച്ച കോളേജുകൾക്കും കായിക വിദ്യാർഥികൾക്കും പുരസ്കാരം

**- എല്ലാ സേവനങ്ങളും ലഭ്യമാക്കുന്ന വിദ്യാർഥി സൗഹൃദ മൊബൈൽ ആപ്ലിക്കേഷൻ**
**- വിദേശവിദ്യാർഥികളുടെ പഠനത്തിനായി ഗ്രീൻ ചാനൽ സംവിധാനം**
**- സ്പോർട്സ് മെഡിസിനിൽ പുതിയ യു.ജി., പി.ജി. പ്രോഗ്രാമുകൾ**

മികച്ച അഫിലിയേറ്റഡ് കോളേജുകൾക്കും കായികമേഖലയിലെ മികച്ച പ്രകടനത്തിന് വിദ്യാർഥികൾക്കും പുരസ്കാരം ഏർപ്പെടുത്തി മഹാത്മാ ഗാന്ധി സർവകലാശാല ബജറ്റ്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ സാമ്പത്തിക കാര്യസമിതി കൺവീനർ പ്രൊഫ. കെ. ജയചന്ദ്രനാണ് 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്. സർവകലാശാലയ്ക്ക് കീഴിലുള്ള മികച്ച എയ്ഡഡ്, സ്വാശ്രയ, സ്വയംഭരണ കോളേജുകൾക്കാണ് വൈസ് ചാൻസലറുടെ എവർറോളിംഗ് ട്രോഫിയും മൂന്ന് ലക്ഷം രൂപയുടെ കാഷ് അവാർഡും നൽകുക. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തി.

സ്പോർട്സ് മേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് വൈസ് ചാൻസലറുടെ അവാർഡ് നൽകുന്നതിനായി അഞ്ചുലക്ഷം രൂപ മാറ്റിവച്ചു. പരീക്ഷഫലവും ഫീസടയ്ക്കലുമടക്കം എല്ലാ സേവനങ്ങളും മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭ്യമാക്കുന്നതിന് വിദ്യാർഥിസൗഹൃദ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കും. വിദേശവിദ്യാർഥികളുടെ പഠനത്തിനായി സർവകലാശാലയിൽ ഗ്രീൻ ചാനൽ സംവിധാനം ഒരുക്കും. ഗവേഷണ വിദ്യാർഥികളുടെ ഫെലോഷിപ്പ് അതത് മാസം നൽകുന്നതിനായി രണ്ടുകോടി രൂപ വകയിരുത്തി. കോളേജുകളിൽ സ്പോർട്സ് മെഡിസിനിൽ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കും. സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ സ്പോർട്സ് മെഡിസിനിൽ പി.ജി., ഗവേഷണ പ്രോഗ്രാമുകൾ ആരംഭിക്കും.

പരീക്ഷവിഭാഗത്തിൽ ഇന്ററാക്ടീവ് ടച്ച് സ്ക്രീനോടുകൂടിയ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കും. പരീക്ഷ റെക്കോഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി 25 ലക്ഷം രൂപ മാറ്റിവച്ചു. സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളുടെ സഹായത്തോടെ ഇന്റഗ്രേറ്റഡ് എം.എ., എം.എസ്സി. പ്രോഗ്രാമുകൾ ആരംഭിക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തി. പരിസ്ഥിതിശാസ്ത്ര വകുപ്പിനുകീഴിൽ അപ്ലൈഡ് ജിയോളജി റിസർച്ച് ലബോറട്ടറി സ്ഥാപിക്കും. നവസംരംഭകർക്കും നൂതനാശയങ്ങൾ വികസിപ്പിക്കുന്ന വിദ്യാർഥികൾക്കുമായി സ്റ്റാർട്ടപ്പ് പദ്ധതി ബാങ്ക് ആരംഭിക്കും. സർവകലാശാലതലത്തിൽ പേറ്റന്റ് ഫെസിലിറ്റേഷൻ കേന്ദ്രം സ്ഥാപിക്കും.

വിദ്യാർഥികൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി റൂസ പദ്ധതിയുടെ ഭാഗമായി എന്റർപ്രണർഷിപ്പ്, എംപ്ലോയബിലിറ്റി കരിയർ ഹബ് ആരംഭിക്കും. മുട്ടം കാമ്പസിനെ ഇതിന്റെ സാറ്റലൈറ്റ് കേന്ദ്രമാക്കി മാറ്റും. അനധ്യാപക ജീവനക്കാരുടെ ക്വാർട്ടേഴ്സിന്റെ രണ്ടാംഘട്ട നിർമാണത്തിനായി രണ്ടുകോടിയും അധ്യാപക ക്വാർട്ടേഴ്സിനായി ഒരു കോടി രൂപയും വകയിരുത്തി. അധ്യാപകർക്കും ജീവനക്കാർക്കുമായി എസ്.ബി.ഐ.യുടെ സഹകരണത്തോടെ ആരോഗ്യ

കോടി രൂപ നീക്കിവച്ചു. സൗരോർജം ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി പോളിമർ അധിഷ്ഠിതമായ സൗരോർജ സെല്ലുകൾ വികസിപ്പിക്കും. ഹരിത കാമ്പസിനായി നൂതന മാലിന്യനിർമാർജന സംവിധാനം നടപ്പാക്കും.

അഫിലിയേറ്റഡ് കോളേജുകളിൽ സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തും. സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ രാജ്യാന്തര പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി ഡിസ്റ്റിംഗ്വിഷ്ഡ് പ്രൊഫസർഷിപ്പ്/ചെയർ സ്ഥാപിക്കും. വിവിധ സർവകലാശാലകളിലെ ശാസ്ത്രജ്ഞരും അധ്യാപകരും ഉൾപ്പെടുന്ന കൺസോർഷ്യം എല്ലാ വിജ്ഞാനശാഖകളിലും സ്ഥാപിക്കും. 559.73 കോടി രൂപ വരവും 628.82 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ് യോഗം പാസാക്കി.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയുടെ സിൻഡിക്കേറ്റ് യോഗത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് ധനകാര്യസമിതി കൺവീനർ പ്രൊഫ. കെ. ജയചന്ദ്രൻ അവതരിപ്പിക്കുന്നു**

(പി.ആർ.ഒ/39/2297/2019)

## പരീക്ഷ തീയതി

ഒന്നും രണ്ടും സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.കോം. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി - പ്രൈവറ്റ് രജിസ്ട്രേഷൻ) ജനുവരി 2020 പരീക്ഷകൾ ജനുവരി 21 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2298/2019)

ഒന്നും രണ്ടും സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.കോം. (2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ മേഴ്സി ചാൻസ്-പ്രൈവറ്റ് രജിസ്ട്രേഷൻ) ജനുവരി 2020 പരീക്ഷകൾ ജനുവരി 21 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2299/2019)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, വിഷ്വൽ ആർട്സ്, ആനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഓഡിയോഗ്രഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് (സി.ബി.സി.എസ്.-2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്.-2013-2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്) യു.ജി. ഒക്ടോബർ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി ആറുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2300/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എസ്.ഡബ്ല്യു., ബി.ടി.ടി.എം., ബി.എഫ്.ടി., സി.ബി.സി.എസ്. (മോഡൽ 3- റഗുലർ - 2017 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2301/2019)

## കോളേജ് അധ്യാപകർക്ക് ഇൻ-സർവീസ് കോഴ്സുകൾ

മഹാത്മാ ഗാന്ധി സർവകലാശാല/അഫിലിയേറ്റഡ് കോളേജ് അധ്യാപകർക്കായി ഇൻ-സർവീസ് കോഴ്സുകൾ ജനുവരി 20 മുതൽ 26 വരെ സർവകലാശാലയിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731013.

(പി.ആർ.ഒ/39/2302/2019)

## എം.ജി.യിൽ ജി. ശങ്കരപ്പിള്ള അനുസ്മരണവും നാടകാവതരണവും ഇന്ന് (ജനുവരി 1)

**- ഡോ. സുനിൽ പി. ഇളയിടം പ്രഭാഷണം നടത്തും**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിക്കുന്ന ജി. ശങ്കരപ്പിള്ള അനുസ്മരണവും നാടകാവതരണവും ഇന്ന് (ജനുവരി 1) നടക്കും. വൈകീട്ട് അഞ്ചിന് സ്കൂൾ ഓഫ് ലെറ്റേഴ്സ് അങ്കണത്തിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം

നിർവഹിക്കും. ഡോ. സുനിൽ പി. ഇളയിടം സ്മാരക പ്രഭാഷണം നടത്തും. ഡോ. രാജാ വാര്യർ അനുസ്മരണ പ്രഭാഷണം നടത്തും. വള്ളത്തോൾ കെ. രവീന്ദ്രനാഥൻ പുസ്തകദാനം നിർവഹിക്കും. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിക്കും. വൈകീട്ട് ഏഴിന് സ്കൂൾ ഓഫ് ലെറ്റേഴ്സ് അവതരിപ്പിക്കുന്ന നാടകം 'സൂക്ഷ്മമായി നിരീക്ഷിക്കപ്പെടുന്ന തീവണ്ടികൾ' അരങ്ങേറും.

(പി.ആർ.ഒ/39/2303/2019)

## പോസ്റ്റ് ഡോക്ടറൽ റിസർച്ച് ഫെലോഷിപ്പ്; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ മുഴുവൻ സമയ ഗവേഷണം നടത്തുന്നവർക്ക് പോസ്റ്റ് ഡോക്ടറൽ റിസർച്ച് ഫെലോഷിപ്പിന് അപേക്ഷിക്കാം. അപേക്ഷകൾ ജനുവരി 31നകം അതത് പഠനവകുപ്പുകളിൽ നൽകണം. അപേക്ഷഫോറം ജനറൽ സ്റ്റോറിൽ ലഭിക്കും. വിശദവിവരത്തിന് www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ/39/2304/2019)

## പി.എച്ച്ഡി. കോഴ്സ് വർക്ക് ഇന്ന് (ജനുവരി 1) ആരംഭിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഈ വർഷം പി.എച്ച്ഡി. പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർഥികളുടെ കോഴ്സ് വർക്ക് ഇന്ന് (ജനുവരി 1) സർവകലാശാല പഠനവകുപ്പുകളിലും അംഗീകൃത ഗവേഷണകേന്ദ്രങ്ങളിലും ആരംഭിക്കും. രജിസ്ട്രേഷൻ ഉത്തരവ് ലഭിക്കാത്തവർ സർവകലാശാല വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യണം.

(പി.ആർ.ഒ/39/2305/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 31

## വാർത്താക്കുറിപ്പ്

---

**മഹാത്മാ ഗാന്ധി സർവകലാശാല ബജറ്റ് 2020**

## എം.ജി.യിൽ മികച്ച കോളേജുകൾക്കും കായിക വിദ്യാർഥികൾക്കും പുരസ്കാരം

**- എല്ലാ സേവനങ്ങളും ലഭ്യമാക്കുന്ന വിദ്യാർഥി സൗഹൃദ മൊബൈൽ ആപ്ലിക്കേഷൻ**

**- വിദേശവിദ്യാർഥികളുടെ പഠനത്തിനായി ഗ്രീൻ ചാനൽ സംവിധാനം**

**- സ്പോർട്സ് മെഡിസിനിൽ പുതിയ യു.ജി., പി.ജി. പ്രോഗ്രാമുകൾ**

മികച്ച അഫിലിയേറ്റഡ് കോളേജുകൾക്കും കായികമേഖലയിലെ മികച്ച പ്രകടനത്തിന് വിദ്യാർഥികൾക്കും പുരസ്കാരം ഏർപ്പെടുത്തി മഹാത്മാ ഗാന്ധി സർവകലാശാല ബജറ്റ്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ സാമ്പത്തിക കാര്യസമിതി കൺവീനർ പ്രൊഫ. കെ. ജയചന്ദ്രനാണ് 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്. സർവകലാശാലയ്ക്ക് കീഴിലുള്ള മികച്ച എയ്ഡഡ്, സ്വാശ്രയ, സ്വയംഭരണ കോളേജുകൾക്കാണ് വൈസ് ചാൻസലറുടെ എവർറോളിംഗ് ട്രോഫിയും മൂന്നു ലക്ഷം രൂപയുടെ കാഷ് അവാർഡും നൽകുക. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തി.

സ്പോർട്സ് മേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് വൈസ് ചാൻസലറുടെ അവാർഡ് നൽകുന്നതിനായി അഞ്ചുലക്ഷം രൂപ മാറ്റിവച്ചു. പരീക്ഷഫലവും ഫീസടയ്ക്കലുമടക്കം എല്ലാ സേവനങ്ങളും മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭ്യമാക്കുന്നതിന് വിദ്യാർഥിസൗഹൃദ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കും. വിദേശവിദ്യാർഥികളുടെ പഠനത്തിനായി സർവകലാശാലയിൽ ഗ്രീൻ ചാനൽ സംവിധാനം ഒരുക്കും. ഗവേഷണ വിദ്യാർഥികളുടെ ഫെലോഷിപ്പ് അതത് മാസം നൽകുന്നതിനായി രണ്ടുകോടി രൂപ വകയിരുത്തി. കോളേജുകളിൽ സ്പോർട്സ് മെഡിസിനിൽ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കും. സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ സ്പോർട്സ് മെഡിസിനിൽ പി.ജി., ഗവേഷണ പ്രോഗ്രാമുകൾ ആരംഭിക്കും.

പരീക്ഷവിഭാഗത്തിൽ ഇന്ററാക്ടീവ് ടച്ച് സ്ക്രീനോടുകൂടിയ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കും. പരീക്ഷ റെക്കോഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി 25 ലക്ഷം രൂപ മാറ്റിവച്ചു. സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളുടെ സഹായത്തോടെ ഇന്റഗ്രേറ്റഡ് എം.എ., എം.എസ്സി. പ്രോഗ്രാമുകൾ ആരംഭിക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തി. പരിസ്ഥിതിശാസ്ത്ര വകുപ്പിനുകീഴിൽ അപ്ലൈഡ് ജിയോളജി റിസർച്ച് ലബോറട്ടറി സ്ഥാപിക്കും. നവസംരംഭകർക്കും നൂതനാശയങ്ങൾ വികസിപ്പിക്കുന്ന വിദ്യാർഥികൾക്കുമായി സ്റ്റാർട്ടപ്പ് പദ്ധതി ബാങ്ക് ആരംഭിക്കും. സർവകലാശാലതലത്തിൽ പേറ്റന്റ് ഫെസിലിറ്റേഷൻ കേന്ദ്രം സ്ഥാപിക്കും.

വിദ്യാർഥികൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി റൂസ പദ്ധതിയുടെ ഭാഗമായി എന്റർപ്രണർഷിപ്പ്, എംപ്ലോയബിലിറ്റി കരിയർ ഹബ് ആരംഭിക്കും. മുട്ടം കാമ്പസിനെ ഇതിന്റെ സാറ്റലൈറ്റ് കേന്ദ്രമാക്കി മാറ്റും. അനധ്യാപക ജീവനക്കാരുടെ ക്വാർട്ടേഴ്സിന്റെ രണ്ടാംഘട്ട നിർമാണത്തിനായി രണ്ടുകോടിയും അധ്യാപക ക്വാർട്ടേഴ്സിനായി ഒരു കോടി രൂപയും വകയിരുത്തി. അധ്യാപകർക്കും ജീവനക്കാർക്കുമായി എസ്.ബി.ഐ.യുടെ സഹകരണത്തോടെ ആരോഗ്യ

കോടി രൂപ നീക്കിവച്ചു. സൗരോർജം ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി പോളിമർ അധിഷ്ഠിതമായ സൗരോർജ സെല്ലുകൾ വികസിപ്പിക്കും. ഹരിത കാമ്പസിനായി നൂതന മാലിന്യനിർമാർജന സംവിധാനം നടപ്പാക്കും.

അഫിലിയേറ്റഡ് കോളേജുകളിൽ സ്‌പോർട്സ് ക്വാട്ട പ്രവേശനത്തിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തും. സ്‌കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ രാജ്യാന്തര പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി ഡിസ്റ്റിംഗ്വിഷ്ഡ് പ്രൊഫസർഷിപ്പ്/ചെയർ സ്ഥാപിക്കും. വിവിധ സർവകലാശാലകളിലെ ശാസ്ത്രജ്ഞരും അധ്യാപകരും ഉൾപ്പെടുന്ന കൺസോർഷ്യം എല്ലാ വിജ്ഞാനശാഖകളിലും സ്ഥാപിക്കും. 559.73 കോടി രൂപ വരവും 628.82 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ് യോഗം പാസാക്കി.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയുടെ സിൻഡിക്കേറ്റ് യോഗത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് ധനകാര്യസമിതി കൺവീനർ പ്രൊഫ. കെ. ജയചന്ദ്രൻ അവതരിപ്പിക്കുന്നു**

(പി.ആർ.ഒ/39/2297/2019)

## പരീക്ഷ തീയതി

ഒന്നും രണ്ടും സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.കോം. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി - പ്രൈവറ്റ് രജിസ്‌ട്രേഷൻ) ജനുവരി 2020 പരീക്ഷകൾ ജനുവരി 21 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2298/2019)

ഒന്നും രണ്ടും സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.കോം. (2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ മേഴ്‌സി ചാൻസ്-പ്രൈവറ്റ് രജിസ്‌ട്രേഷൻ) ജനുവരി 2020 പരീക്ഷകൾ ജനുവരി 21 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2299/2019)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, വിഷ്വൽ ആർട്സ്, ആനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഓഡിയോഗ്രഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് (സി.ബി.സി.എസ്.-2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്.-2013-2016 അഡ്മിഷൻ ഇംപ്രൂവ്‌മെന്റ്/റീഅപ്പിയറൻസ്) യു.ജി. ഒക്ടോബർ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി ആറുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/2300/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എസ്.ഡബ്ല്യു., ബി.ടി.ടി.എം., ബി.എഫ്.ടി., സി.ബി.സി.എസ്. (മോഡൽ 3- റഗുലർ - 2017 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2301/2019)

## കോളേജ് അധ്യാപകർക്ക് ഇൻ-സർവീസ് കോഴ്‌സുകൾ

മഹാത്മാ ഗാന്ധി സർവകലാശാല/അഫിലിയേറ്റഡ് കോളേജ് അധ്യാപകർക്കായി ഇൻ-സർവീസ് കോഴ്‌സുകൾ ജനുവരി 20 മുതൽ 26 വരെ സർവകലാശാലയിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731013.

(പി.ആർ.ഒ/39/2302/2019)

## എം.ജി.യിൽ ജി. ശങ്കരപ്പിള്ള അനുസ്മരണവും നാടകാവതരണവും ഇന്ന് (ജനുവരി 1)

**- ഡോ. സുനിൽ പി. ഇളയിടം പ്രഭാഷണം നടത്തും**

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ലെറ്റേഴ്‌സ് സംഘടിപ്പിക്കുന്ന ജി. ശങ്കരപ്പിള്ള അനുസ്മരണവും നാടകാവതരണവും ഇന്ന് (ജനുവരി 1) നടക്കും. വൈകീട്ട് അഞ്ചിന് സ്‌കൂൾ ഓഫ് ലെറ്റേഴ്‌സ് അങ്കണത്തിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം

നിർവഹിക്കും. ഡോ. സുനിൽ പി. ഇളയിടം സ്മാരക പ്രഭാഷണം നടത്തും. ഡോ. രാജാ വാര്യർ അനുസ്മരണ പ്രഭാഷണം നടത്തും. വള്ളത്തോൾ കെ. രവീന്ദ്രനാഥൻ പുസ്തകദാനം നിർവഹിക്കും. സ്‌കൂൾ ഓഫ് ലെറ്റേഴ്‌സ് ഡയറക്ടർ ഡോ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിക്കും. വൈകീട്ട് ഏഴിന് സ്‌കൂൾ ഓഫ് ലെറ്റേഴ്‌സ് അവതരിപ്പിക്കുന്ന നാടകം 'സൂക്ഷ്മമായി നിരീക്ഷിക്കപ്പെടുന്ന തീവണ്ടികൾ' അരങ്ങേറും.

(പി.ആർ.ഒ/39/2303/2019)

## പോസ്റ്റ് ഡോക്ടറൽ റിസർച്ച് ഫെലോഷിപ്പ്; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ മുഴുവൻ സമയ ഗവേഷണം നടത്തുന്നവർക്ക് പോസ്റ്റ് ഡോക്ടറൽ റിസർച്ച് ഫെലോഷിപ്പിന് അപേക്ഷിക്കാം. അപേക്ഷകൾ ജനുവരി 31നകം അതത് പഠനവകുപ്പുകളിൽ നൽകണം. അപേക്ഷഫോറം ജനറൽ സ്റ്റോറിൽ ലഭിക്കും. വിശദവിവരത്തിന് www.mgu.ac.in എന്ന വെബ്‌സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ/39/2304/2019)

## പി.എച്ച്ഡി. കോഴ്‌സ് വർക്ക് ഇന്ന് (ജനുവരി 1) ആരംഭിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഈ വർഷം പി.എച്ച്ഡി. പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർഥികളുടെ കോഴ്‌സ് വർക്ക് ഇന്ന് (ജനുവരി 1) സർവകലാശാല പഠനവകുപ്പുകളിലും അംഗീകൃത ഗവേഷണകേന്ദ്രങ്ങളിലും ആരംഭിക്കും. രജിസ്‌ട്രേഷൻ ഉത്തരവ് ലഭിക്കാത്തവർ സർവകലാശാല വെബ്‌സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യണം.

(പി.ആർ.ഒ/39/2305/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ